LIBRARY ARCHIVES Kerala Legislative Assembly

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ എൽ.ഡി. ക്ളാർക്ക് നിയമനം

89 [3097] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിബോർഡിലെ എൽ. ഡി. ക്ളാർക്ക് തസ്തികയിലേക്ക് പി.എസ്.സി. 67 ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) അയച്ചിരുന്നെങ്കിൽ എന്നാണ് അഡ്വൈസ് മെമ്മോ അയച്ചത് എന്ന് അറിയിക്കുമോ;

(സി) അവർക്ക് ബോർഡ് നിയമന ഉത്തരവ് നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പി. എസ്. സി.-യുടെ അഡ്വൈസ് ലഭിച്ചവർക്ക് യഥാസമയം നിയമനം നൽകാൻ സർക്കാർ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)—(ഡി)

ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമന ലിസ്റ്റ് തയ്യാറാക്കി വരുന്നതായാണ് അറിവ്. മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിന് തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് ഉദ്യോഗാർത്ഥികളെ പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. അതു സംബന്ധിച്ച് ബഹു. കേരളാ ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. കോടതിയുടെ ഉത്തരവിൻമേലുള്ള നിയമവശം പരിശോധിച്ചുവരികയാണ്.

സംസ്ഥാനത്തെ ഐ.ടി.ഐ.-കളുടെ നവീകരണത്തിനും കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും നടപടി

90 [3098] ശ്രീ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. ഐ.-കളിൽ എൻ. സി. വി. ടി. അംഗീകാരമില്ലാതെ കോഴ്സുകൾ നടത്തിയതുമൂലം കോഴ്സ് കഴിഞ്ഞിറങ്ങിയ ട്രെയിനികൾക്ക് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുന്നില്ലായെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഐ. ടി. ഐ.-കളുടെ നവീകരണത്തിനും കോഴ്സുകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?